ഐ.ഡി.ബി. യിൽനിന്നും കെ.എഫ്.സി. എടുക്കുന്ന വായ്പ

20. [1799] ശ്രീ. പാലോട് രവി :
,, ഒ. ഭരതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഫൈനാൻഷ്യൽ കോർപ്പറേഷൻ ഐ.ഡി.ബി.ഐ. യിൽ നിന്നും എടുക്കുന്ന വായ്പയുടെ പലിശ നിരക്ക് എത്രയാണ് ;

(ബി) വായ്പ തുക മടക്കിക്കൊടുക്കേണ്ട കാലാവധി എത്രയാണ് ;

(സി) വായ്പത്തുക യഥാകാലം മടക്കിക്കൊടുക്കാതെ കുടിശ്ശിക വരുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തു തുക കുടിശ്ശികയായിട്ടുണ്ടെന്നും എന്നുമുതലാണ് കുടിശ്ശികയായതെന്നും വെളിപ്പെടുത്തുമോ ;

(ഡി) കുടിശ്ശിക ഈടാക്കുന്നതിന് കെ. എഫ്. സി. യുടെ പേരിൽ ഐ.ഡി.ബി.ഐ. എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇപ്പോഴത്തെ പലിശ നിരക്ക് 16.5% ആണ്.

(ബി) വിവിധ വിഭാഗങ്ങളിലുള്ള യൂണിറ്റുകൾ കെ.എഫ്.സി. നൽകുന്ന വായ്പയുടെ കാലാവധിക്കനുസരിച്ചാണ് കാലാവധി. ഇത് 6 മുതൽ 10 വർഷം വരെയാണ്.

(സി) വായ്പ തുക യഥാകാലം മടക്കി കൊടുക്കാതെ കുടിശ്ശിക വരുത്തിയിട്ടില്ല.

(ഡി) കുടിശ്ശിക വരുത്താത്തതുകൊണ്ട് ഐ.ഡി.ബി.ഐ. നടപടികൾ സ്വീകരിച്ചിട്ടില്ല. ഐ.ഡി.ബി.ഐ. യുടെ വിലയിരുത്തൽ അനുസരിച്ച് കെ. എഫ്. സി. 'ബി' ഗണത്തിലാണ് പെടുന്നത്. കൃത്യമായി വായ്പ പിരിച്ചെടുത്ത് 'എ' ഗണത്തിലേക്ക് പുരോഗമിക്കണം എന്ന് ഐ.ഡി.ബി.ഐ. നിർദ്ദേശിച്ചിട്ടുണ്ട്.

സ്പിരിറ്റ് പെർമിറ്റ് പുതുക്കി നൽകാത്തതുമൂലമുള്ള എക്സൈസ് നികുതി നഷ്ടം

21. [1800] ശ്രീ. ഒ. ഭരതൻ :
,, പിണറായി വിജയൻ :
,, ഇ. ശങ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെക്ടിഫൈഡ് സ്പിരിറ്റ് ഇറക്കുമതി ചെയ്യാനുള്ള പെർമിറ്റ് യഥാസമയം പുതുക്കി നൽകാത്തതുമൂലം എക്സൈസ് നികുതിവരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ ;

(ബി) എങ്കിൽ 1993-94, 1994-95, 1995-96 എന്നീ വർഷങ്ങളിൽ ഇപ്രകാരമുണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കയ്യാനുകളുടെയും ജാറുകളുടെയും നികുതി

22. [1801] ശ്രീ. എം. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാസ്റ്റിക് നിർമ്മിതമായ ജെറികയ്യാനുകളെയും ജാറുകളെയും ഏതു പട്ടികയിൽപ്പെടുത്തി എത്ര ശതമാനം വിൽപ്പന നികുതിയാണ് ഇപ്പോൾ ഈടാക്കി വരുന്നത് ;

(ബി) ഇവയെ പാക്കിംഗ് മെറ്റീരിയൽസ് വിഭാഗത്തിൽപ്പെടുത്തണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനുമേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ടിൻ കയ്യാനുകൾക്കും ജാറുകൾക്കും ഈടാക്കിവരുന്ന നികുതി എത്ര ശതമാനമാണ് ; ഏതു പട്ടികയിലാണ് ഇവ ഉൾപ്പെടുത്തിയിട്ടുള്ളത്?

ഉത്തരം

(എ) വിൽപ്പന നികുതി നിയമം 1-ാം പട്ടികയിലെ 101-ാം ഇനത്തിലാണ് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളെ നികുതി വിധേയമാക്കിയിട്ടുള്ളത്. ഇവയ്ക്ക് സംസ്ഥാനത്തെ ആദ്യ വിൽപ്പന ഘട്ടത്തിൽ 10% വിൽപ്പന നികുതിയാണ് ചുമത്തിയിട്ടുള്ളത്.

(ബി) പ്ലാസ്റ്റിക് നിർമ്മിതമായ ജെറി കയ്യാനുകളെയും ജാറുകളെയും മറ്റും പാക്കിംഗ് മെറ്റീരിയൽ വിഭാഗത്തിൽ ഉൾപ്പെടുത്തണം എന്ന് ബ്ലോ പ്ലാസ്റ്റിക്സ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ഒല്ലൂർ, തൃശ്ശൂർ എന്ന സ്ഥാപനം സർക്കാരിനോട് 20-11-1995-ൽ ആവശ്യപ്പെട്ടിട്ടുണ്ട്. അത് റവന്യൂ ബോർഡ് (നികുതി വിഭാഗം) പരിശോധിച്ചു വരികയാണ്.

(സി) പ്ലാസ്റ്റിക് നിർമ്മിതമായ ടിൻ, കയ്യാനുകൾ, ജാറുകൾ തുടങ്ങിയവയെ വിൽപ്പന നികുതി നിയമം 1-ാം പട്ടികയിലെ 101-ാം വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവയ്ക്ക് 10 ശതമാനം വിൽപ്പന നികുതി വസൂലാക്കിവരുന്നു.

വിറ്റുവരവ് നികുതി ഇനത്തിൽ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ

23. [1803] ശ്രീ. ടി. ശിവദാസമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിറ്റുവരവ് നികുതി ഇനത്തിൽ കുടിശ്ശിക വരുത്തിയ എത്ര സ്ഥാപനങ്ങളാണുള്ളത് ;

(ബി) പ്രസ്തുത സ്ഥാപനങ്ങളും ഓരോന്നും എന്ത് തുക വീതമാണ് കുടിശ്ശിക വരുത്തിയിട്ടുള്ളത് ?

ഉത്തരം

(എ), (ബി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly